**Malayala Manorama**
**18 June 2018**
**Aroor: Flood, Ruines**




ദേശീയപാതയിൽ കോടംതുരുത്തിൽ നിയന്ത്രണം വിട്ടകാർ മീഡിയനിൽ ഇടിച്ചശേഷം റേഷൻകടയുടെ മുന്നിലേയ്ക്ക് ഇടിച്ചുനിന്നപ്പോൾ.

# വെള്ളക്കെട്ട് കണ്ടു വെട്ടിച്ച കാർ നിയന്ത്രണം വിട്ടു

അരൂർ ● ദേശീയപാതയിലെ വെള്ളക്കെട്ട് കണ്ടു വെട്ടിച്ച കാർ നിയന്ത്രണം തെറ്റി മീഡിയനിൽ ഇടിച്ചശേഷം റോഡരികിലെ റേഷൻ കടയിൽ ഇടിച്ചുനിന്നു. ദേശീയ പാതയിൽ കോടംതുരുത്ത് ഗവ. ഹയർ സെക്കൻഡറി സ്കൂളിനു സമീപമായിരുന്നു അപകടം.

കാർ യാത്രികരായ രഞ്ജിത്ത്(31), ശാന്തി (27) എന്നിവർക്കു പരുക്കേറ്റു. ഇരുവരെയും തുറവൂർ ഗവ. ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

എറണാകുളം ഭാഗത്തേക്കു പോകുകയായിരുന്ന കാറാണ് അപകടത്തിൽപ്പെട്ടത്. ഇടിയുടെ ആഘാതത്തിൽ റേഷൻ കടയുടെ മേൽക്കൂര തകർന്നു.